Fin B,. 32192/16

# പരിശോധനാ റിപ്പോർട്ട്

## ബ്ലോക്ക് പട്ടികജാതി വികസന ആഫീസ് നെടുമങ്ങാട്.

36
1/12/16

| | | |
|---|---|---|
| പരിശോധനാ തീയതി | : | 26/09/16 മുതൽ 30/09/16 വരെ |
| പരിശോധനാ കാലയളവ് | : | 01.04.14 മുതൽ 31.03.16 വരെ |
| പരിശോധനാ വിഭാഗം | : | ഫിൻ ഡി. വിഭാഗം |
| സൂപ്രണ്ട് | : | എൻ. സുരേന്ദ്രൻ നായർ |
| ക്ളാർക്ക് | : | നിദീഷ്. എം. എ |

പരിശോധനാ കാലയളവിൽ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥർ

1. **ശ്രീ. പ്രിജിത്‌ലാൽ . എസ്. എസ്**
   (പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II) - 01/04/14 മുതൽ ~~30.09.16~~ 2.8.15 വരെ
2. **മുരളീധരൻ നായർ. എസ്**
   (പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II) - 03.08.15 മുതൽ തുടരുന്നു.

പാർട്ട് -I

ആമുഖം

I. **മുൻ ആഡിറ്റ് സംബന്ധിച്ച്**

A **വകുപ്പ് തല പരിശോധന**

1) ആഭ്യന്തര പരിശോധന റിപ്പോർട്ടിന്റെ 01.04.08 മുതൽ 31.03.11 വരെയുള്ള കാലയളവിലെ റിപ്പോർട്ടിന് അന്തിമ മറുപടി നൽകിയതായി കാണുന്നില്ല. File. No. Fin B1-2950/13 dated 05/06/16

2) File. No. Fin B1-7750/15 dated 29/04/15 പ്രകാരം 11.04.11 മുതൽ 31.03.14 വരെയുള്ള കാലയളവിലെ പരിശോധനാ റിപ്പോർട്ട് ലഭിച്ച് 1 1/2 വർഷം കഴിഞ്ഞിട്ടും പ്രാഥമിക മറുപടി പോലും നൽകിയിട്ടുള്ളതായി കാണുന്നില്ല.

മേൽ 2 ആഡിറ്റ് ഫയലുകളും അടിയന്തിരമായി തീർപ്പാക്കി വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

B **അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന**

14.03.16 തീയതിയിലെ OA(HQ) 11/IV/12-228/15-16/1044 നമ്പർ കത്ത് പ്രകാരം 01.09.13 മുതൽ 31.03.16 വരെയുള്ള കണക്കുകൾ പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുള്ളതായി കാണുന്നു.

I OA(HQ)IV/11/12-225/12- Part ~~13~~ IIB- I to III

II OA(HQ) IV/11/12-92/13-14// Part II B- I to III

മേൽ ഖണ്ഡികകൾക്ക് ഇതേവരെയും പ്രാഥമിക മറുപടി പോലും നൽകിയതായി കാണുന്നില്ല. പരിശോധനാ റിപ്പോർട്ടിനുള്ള മറുപടി എത്രയും വേഗം നൽകി ഫയൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## Part II

1. **ക്യാഷ് ബുക്ക് ബിൽബുക്ക്**

(എ) പരിശോധനാ ദിവസമായ 26.09.16 ന് ക്യാഷ് ബുക്ക് പരിശോധിച്ചു. 23.09.16 വരെ ക്യാഷ് ബുക്ക് ബിൽബുക്ക് എഴുതിയിട്ടുണ്ട്. ഇതേ ദിവസം യാതൊരു തുകയും ക്യാഷ്ബുക്ക് പ്രകാരം നീക്കിയിരിപ്പുണ്ടായിരുന്നില്ല.

(ബി) ക്യാഷ് ബുക്കിൽ ധാരാളം വെട്ടിത്തിരുത്തലുകൾ കാണുന്നു. ഉദാ: ക്യാഷ്ബുക്ക് വാല്യം IX പേജ് നം. 15,16, 18 ഇപ്രകാരം വെട്ടിത്തിരുത്തലുകൾ ഉണ്ടാകാതെ ക്യാഷ്ബുക്ക് ശ്രദ്ധയോടെ പരിപാലിക്കേണ്ടതാണ്. കൂടാതെ വെട്ടിത്തിരുത്ത് ഉണ്ടായാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഇനിഷ്യൽ ചെയ്യേണ്ടതാണ്. Rule 92(a) (VI) KTC Vol I പ്രകാരം വെട്ടിത്തിരുത്തലുകൾ, ഓവർറൈറ്റിംഗ് എന്നിവ കർശനമായും നിരോധിച്ചിട്ടുള്ളതാണ്. തിരുത്തേണ്ടതുണ്ടായാൽ ആയത് വെട്ടിയശേഷം ചുവന്ന മഷിയിൽ ശരി രേഖപ്പെടുത്തി തീയതിയോടുകൂടി ഓഫീസ് തലവൻ ഇനീഷ്യൽ ചെയ്യേണ്ടതാണ്. ആയതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മേൽചട്ടപ്രകാരം ക്യാഷ് ബുക്ക് പരിപാലിക്കേണ്ടതാണ്.

(സി) Rule 92(a) (ii) KTC Vol I പ്രകാരം എല്ലാ സാമ്പത്തിക ഇടപാടുകളും അവ നടന്നാലുടൻ തന്നെ ക്യാഷ്ബുക്കിൽ വരവ്/ചെലവ് കാണിക്കേണ്ടതും ആയത് പരിശോധിച്ചതിന്റെ തെളിവിലേയ്ക്കായി ഓഫീസ് തലവൻ സാക്ഷ്യപ്പെ

ടുത്തേണ്ടതുമാണ്. എന്നാൽ ടി ഓഫീസിലെ ക്യാഷ്ബുക്ക് പരിശോധിച്ചതിൽ പലയിടപാടുകളും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ഉദാ: ക്യാഷ്ബുക്ക് Vol .X page. No. 24 മുതലുള്ള പേജുകൾ അപാകത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഡി) ക്യാഷ്ബുക്കിൽ പേജുകൾ ചുവന്ന മഷി ഉപയോഗിച്ച് മാത്രം എഴുതുകയും പിന്നീട് ടി പേജുകൾ ക്യാസൽ ചെയ്തതായും കാണുന്നു. ഓഫീസർ സാക്ഷ്യ പ്പെടുത്തിയതായും കാണുന്നില്ല. ഉദാ: പേജ് നം. 35,36,44,46

(ഇ) ബിൽ നമ്പർ. 356/L/B/15-16 C/o തീയതി 25.11.15 പ്രകാരം 725000/- രൂപ മാറിയിട്ടുണ്ട്. എന്നാൽ ട്രഷറി ബിൽബുക്കിൽ 72500/- എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് ശരിയായി രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(എഫ്) ബിൽ നം. 337/ESTT/B/15-16 c/o 25/11/15 പ്രകാരം increment Arrears ആയി മാറിയിട്ടുള്ള 303/- രൂപ ക്യാഷ്ബുക്കിൽ വരവ്/ചെലവ് ആയി കാണിച്ചിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

(ജി) G.O(P) No.119/2008/Fin തീയതി 07/03/08 പ്രകാരം പുതുക്കിയ രീതിയിലുള്ള ക്യാഷ്ബുക്ക് നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ ടി ഓഫീസിൽ പഴയ രീതിയിലുള്ള ക്യാഷ് ബുക്ക് ഉപയോഗിച്ചു വരുന്നതായി കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

II <u>അക്വിറ്റൻസ് രജിസ്റ്റർ (പ്രൊമോട്ടേഴ്സ് , കുക്ക്, ആയ, പി. റ്റി. എസ്)</u>

1) രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ പേജ് നമ്പറുകൾ രേഖപ്പെടുത്തിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

2) തുക കൈപ്പറ്റുന്ന ജീവനക്കാർ രജിസ്റ്ററിൽ വ്യത്യസ്ത തീയതികളിൽ തുക കൈപ്പറ്റുകയും ക്യാഷ്ബുക്കിൽ ഒരേ ദിവസം എൻട്രി ചെയ്യുന്നതായും കാണുന്നു. ഉദാ: അക്വിറ്റൻസ് രജിസ്റ്റർ 2013 മുതലുള്ള കാലയളവിലെ 2014 ഏപ്രിൽ 2015 ജൂൺ മാസങ്ങളിലെ കണക്കുകൾ

3) Rule 432(d) KTC Vol. I പ്രകാരം Disbursing Officer സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ പല മാസങ്ങളിലും ~~അപ്രകാരം~~ പ്രകാരം ചെയ്തതായി കാണുന്നില്ല. ഉദാ: അക്വിറ്റൻസ് രജിസ്റ്റർ VII പേജ് നമ്പർ 4

## III വിവിധ പദ്ധതി ആനുകൂല്യ വിതരണം(അക്വിറ്റൻസ് രജിസ്റ്റർ)

1. രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി ബ്ലോക്ക് പട്ടികജാതി വിസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. രജിസ്റ്റർ പ്രകാരം 2 ബില്ലുകളായി മാറിയ തുക ക്യാഷ്ബുക്കിൽ ഒരുമിച്ച് ചേർത്ത് എഴുതിയിരിക്കുന്നു. വ്യത്യസ്ത ബിൽ പ്രകാരം മാറുന്ന തുക പ്രത്യേകാം പ്രത്യേകം ക്യാഷ്ബുക്കിൽ എൻട്രി ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഉദാ: അക്വിറ്റൻസ് പേജ് നം. 55 , ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം മാറിയിട്ടുള്ള തുക ക്യാഷ്ബുക്ക് വാല്യം IX പേജ് നമ്പർ. 41 ൽ ഒരുമിച്ച് ചേർത്തിരിക്കുന്നു.

3. രജിസറ്ററിൽ ബിൽ നമ്പർ, തുക തുടങ്ങിയ എല്ലാ വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പല സ്ഥലങ്ങളിലും അപ്രകാരം ചെയ്യുന്നതായി കാണുന്നില്ല. ഉദാ:- അക്വിറ്റൻസ് രജിസ്റ്റർ പേജ് നമ്പർ 95

4. രജിസ്റ്ററിലെ പേജുകൾ ക്യാൻസൽ ചെയ്യുമ്പോൾ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല. ഉദാ:- രജിസ്റ്റർ പേജ് നമ്പർ 119,130

5. അക്വിറ്റൻസ് രജിസ്റ്റർ പേജ് നമ്പർ 55, ബിൽ നമ്പർ 410/CB/B/14-15 പ്രകാരം തീയതി 21.11.14 പ്രകാരം 450000/- രൂപ മാറിയിട്ടുണ്ട്. ടി തുക 24.11.14 ന് ഗുണഭോക്താവ് കൈപ്പറ്റുകയും അതേ ദിവസം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ Abstract-ൽ 18.11.14 ൽ റിസീവ് ചെയ്തതായും 19.11.14 ന് വിതരണം ചെയ്തിട്ടുള്ളതായും രേഖപ്പെടുത്തിയിരിക്കുന്നു. വിശദീകരണം നൽകേണ്ടതാണ്.

6. രജിസ്റ്റർ പേജ് നമ്പർ 73 പ്രകാരം Abstract- പ്രകാരം 150500/- രൂപ 20.01.15 രൂപ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ക്യാഷ് ബുക്കിൽ 150000/- രൂപ മാത്രം ചെലവ് കാണിച്ചിരിക്കുന്നു. തുകയിലെ വ്യത്യാസം എങ്ങനെ വന്നു എന്നും ആയത് എപ്രകാരം ക്രമീകരിച്ചു എന്നും വിശദമാക്കേണ്ടതാണ്.

7. അക്വിറ്റൻസ് രജിസ്റ്ററിൽ 699/TG/13/15-16 പ്രകാരം ടോയിലറ്റ് ഗ്രാന്റ് ഇനത്തിൽ 30.03.16 ന് മാറിയ 75000/- വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ക്യാഷ് ബുക്കിൽ അതേ ബിൽ പ്രകാരം തന്നെ ബുക്കിൽ 50000/- രൂപ മാത്രം വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. അതായത് 25000/- രൂപയുടെ വ്യത്യാസം വന്നിരിക്കുന്നു.

മേൽ തുക എപ്രകാരം ക്രമീകരിച്ചുവെന്നതിന് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

8. അക്വിറ്റൻസ് രജിസ്റ്റർ പേജ് നമ്പർ 9 ബിൽ നമ്പർ 103/CB/B/15-16 ഇപകാരം 1.5 ലക്ഷം രൂപ 22.07.15 ന് മാറിയതായി കാണുന്നു. ടി തുക 1.1.16 ന് മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ഇത്രയും കാലതാമസം ഉണ്ടാകുന്നതിനുള്ള സാഹ ചര്യം വ്യക്തമാക്കേണ്ടതാണ്.

IV **അക്വിറ്റൻസ് രജിസ്റ്റർ(സ്റ്റാഫ്)**

രജിസ്റ്റർ പരിപാലിച്ചിരുന്നു. മറ്റ് മരാമർശങ്ങൾ ഒന്നും തന്നെയില്ല.

V **ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ**

പരിശോധന ദിവസമായ 26.09.16 ന് 1305/ രൂപയുടെ സ്റ്റാമ്പ് അക്കൗണ്ടിലുള്ളതായി ബോദ്ധ്യമായിരുന്നു. ദ്വൈവാര ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി വരുന്നു.

VI TR-5 രജിസ്റ്റർ-, സ്റ്റോക്ക് ബുക്ക് പരിപാലിക്കുന്നില്ല. TR-5 രസീത് 02/11/10 വരെ മാത്രം ഉപയോഗിച്ചത് പരിശോധനയ്ക്ക് ലഭിച്ചു. ഓഫീസർ ചാർജ് കൈമാറ്റം ചെയ്തിട്ടുള്ള TR-5 ബുക്ക് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. G.O(P) No. 77/2010/Fin ~~d TR-5~~ dated 08/02/10 പ്രകാരം പുറത്തിറക്കിയിട്ടുള്ള centralised numbering System ഉള്ള TR-5 രസീതുകൾ വാങ്ങി ഉപയോഗിക്കേണ്ടതും സ്റ്റോക്ക് ബുക്ക് പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

VII **ഫർണീച്ചർ രജിസ്റ്റർ**

2013 മുതലുള്ള ഫർണീച്ചർ രജിസ്റ്റർ മാത്രമാണ് പരിശോധനയ്ക്ക് ലഭിച്ചിട്ടുള്ളത്. ഇലക്ട്രോണിക്സ് ഉപകരണങ്ങളുടേതായി പ്രത്യേകം രജിസ്റ്റർ പരിപാലിച്ചു കാണുന്നില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

VIII **സ്വയം തൊഴിൽ ധനസഹായ രജിസ്റ്റർ**

രജിസ്റ്റർ ശരിയായി പരിപാലിച്ചു വരുന്നു. മറ്റ് പരാമർശമില്ല.

IX ഭവന നിർമ്മാണ ധനസഹായ രജിസ്റ്റർ

രജിസ്റ്റർ എഴുതി സൂക്ഷിച്ചു വരുന്നു. എന്നാൽ പട്ടികജാതി വികസന ഓഫീസർ രജിസ്റ്ററിൽ ഒരിടത്തും സാക്ഷ്യപ്പെടുത്തലുകൾ വരുത്തി കാണുന്നില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

X വിവാഹധന സഹായ രജിസ്റ്റർ

രജിസ്റ്റർ എഴുതി സൂക്ഷിച്ച് വരുന്നു. മറ്റ് പരാമർശമില്ല.

XI ഭൂരഹിത പുനരധിവാസ രജിസ്റ്റർ

ശരിയായി എഴുതി സൂക്ഷിച്ചു വരുന്നു. മറ്റ് പരാമർശങ്ങളില്ല.

XII ചെല്ലാൻ ഫയൽ

ചെലാൻ ഫയലിൽ ശരിയായി ഒപ്പിട്ട് സൂക്ഷിച്ചു വരുന്നു. മറ്റ് പരാമർശങ്ങളില്ല.

## വിവിധ പദ്ധതികൾ

### 1. ഭവന നിർമ്മാണ ധനസഹായ പദ്ധതി

നെടുമങ്ങാട് ബ്ലോക്ക് പട്ടികജാതി വികസന ആഫീസിൽ 2007-08 മുതൽ 2015-16 വരെ നടന്ന ഭവന നിർമ്മാണ ധനസഹായ വിതരണത്തിൽ ഇനിയും പണി പൂർത്തിക രിക്കുവാനുള്ളവരുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | ആകെ അനുവദിച്ച വീടുകളുടെ എണ്ണം | ഒന്നാം ഗഡു | രണ്ടാം ഗഡു | മൂന്നാം ഗഡു | അഭിപ്രായം |
|---|---|---|---|---|---|
| 2007-08 | 80 | - | 2 | 2 | - |
| 2008-09 | 63 | 3 | 1 | 2 | - |
| 2009-10 | 50 | 1 | 1 | 3 | - |
| 2010-11 | 40 | 1 | 2 | 4 | - |
| 2011-12 | 21 | - | 2 | 3 | - |
| 2012-13 | 27 | 2 | 5 | 4 | - |
| 2013-14 | 35 | - | 5 | 2 | - |
| 2014-15 | 21 | 2 | 1 | 2 | - |
| 2015-16 | 26 | - | 3 | 10 | - |
| ആകെ | | 9 | 22 | 32 | - |

ആകെ ‘63’ വീടുകൾ ഇനിയും പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു. മേൽ വീടുകളുടെ പണികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. **ഭൂരഹിത പനരധിവാസ ധനസഹായ പദ്ധതി**

2014-15 മുതൽ നടന്ന ഭൂരഹിത പുനരധിവാസ പദ്ധതിയുടെ പുരോഗതി താഴെ വിവരിക്കുന്നു. 2014-15-ൽ ‘15’ പേർക്കായി 5850000/ രൂപ ചിലവഴിച്ചിരുന്നു. 2015-16 ൽ ‘18’ പേർക്ക് 6750000/- രൂപ ചിലവഴിച്ചു.

2014-15-ൽ തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 10.3.15, 20.10.2015 എന്നീ തീയതികളിലെ എ4/9096/14 നമ്പർ ഉത്തരവുകൾ പ്രകാരം ആകെ ‘15’ ഗുണഭോക്താക്കൾക്ക് 375000/- രൂപാ വീതം ആകെ 5625000/- രൂപാ അനുവദിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ താഴെ പറയുന്ന മൂന്ന് ഗുണഭോക്താക്കൾക്ക് നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ ഭൂമി വാങ്ങുന്നതിനായി 450000/- രൂപ വീതം നല്കിയിട്ടുള്ളതായി കാണുന്നു.

| | | | |
|---|---|---|---|
| 1 | ശ്രീ. എസ്. സുനിൽ<br>കുളക്കോട്, തെക്കുംകര<br>പുത്തൻവീട്,<br>തേക്കട. പി. ഒ | ഹിന്ദു കുറവ | 6 സെന്റ് പുരയിടം സെന്റിന് 75000/കണക്കിന് 450000/-രൂപ നല്കി |
| 2 | രമ്യ.<br>കുട്ടതട്ടിചരുവിള വീട്<br>ചീരാണിക്കര | ഹിന്ദു പുലയ | ‘5’ സെന്റ് പുരയിടം 90000/-രൂപ നിരക്കിൽ 450000/- രൂപ നല്കി |
| 3 | ഷിജ<br>വാഴവിള തടത്തരികത്തു വീട് ആനാട്. പി. ഒ | ഹിന്ദു ചേരമർ | ‘5’ സെന്റ് പുരയിടം 90000/-രൂപ നിരക്കിൽ 450000/ രൂപയ്ക്ക് വാങ്ങി |

ജില്ലാ പട്ടികജാതി വികസന ആഫീസറുടെ ഉത്തരവുകൾ പ്രകാരം 375000/രൂപാ വീതം അനുവദിച്ച മേൽ മൂന്ന് ഗുണഭോക്താക്കൾക്ക് ആകെ 225000/- രൂപ അധികം നല്കിയതിനുള്ള സാധൂകരണ ഉത്തരവുകൾ ലഭ്യമായിട്ടില്ല. ആയത് മറുപടി കത്തിനോടൊപ്പം അയച്ച് തരേണ്ടതാണ്. അല്ലാത്ത പക്ഷം ഇക്കാര്യത്തിമേൽ, വിശദീകരണം നല്കേണ്ടതാണ്.

### 3)വിവാഹധനസഹായ പദ്ധതി

2014-15 വർഷം 41 ഗുണഭോക്താക്കൾക്കായി 1930,000/ രൂപ നല്കി. 2015-16 വർഷം 58 പേർക്കായി 2900000/- രൂപാ നല്കി വിനിയോഗ രേഖകൾ അയച്ചിട്ടുണ്ട്.

### 4)മിശ്ര വിവാഹ ധനസഹായ പദ്ധതി

2014-15 വർഷം 16 ഗുണഭോക്താക്കൾക്കായി 800000/- രൂപയും 2015-16 വർഷം '10' പേർക്കായി 500000/- രൂപയും വിതരണം നടത്തിയിരുന്നു. വിനിയോഗ രേഖകൾ പൂർണ്ണമായി അക്കൗണ്ടന്റ് ജനറലിന് അയച്ച് കാണുന്നില്ല. ന്യൂനത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 5) ശ്രീ. അയ്യൻകാളി ടാലന്റ് ധനസഹായം

2014-15 '22' പേർക്കായി 105000/- രൂപ നല്കിയിരുന്നു. 2015-16-ൽ 25 ഗുണഭോക്താക്കൾക്കായി 1,18500/- രൂപയും വിതരണം നടത്തി. വിനിയോഗ രേഖകൾ അക്കൗണ്ടന്റ് ജനറലിന് അയച്ച് കാണുന്നില്ല.

### 6) സ്പെഷ്യൽ ഇൻസെന്റീവ് ധനസഹായം

2014-15 വർഷം വരെ സ്പെഷ്യൽ ഇൻസെൻറീവ് ധനസഹായം ജില്ലാ പട്ടികജാതി വികസന ആഫീസ് വഴി വിതരണം നടത്തിയതായി കാണുന്നു. 2015-16-ൽ 36 ഗുണഭോക്താക്കൾക്കായി 83000/- രൂപ വിതരണം നടത്തി.

### 7) ലംപ്സം ഗ്രാന്റ്

| വർഷം | ആകെ ആനുകൂല്യം ലഭിച്ചവരുടെ എണ്ണം | | ആകെ ചിലവഴിച്ച തുക | |
|---|---|---|---|---|
| | SC | OEC | SC | OEC |
| 2014-15 | 1559 | - | 760750 | - |
| 2015-16 | 1094 | | 543500 | - |

### 8) പാരലൽ കോളേജ് ആനുകൂല്യം

2014-15-ൽ ഒരു പട്ടികജാതി വിദ്യാർത്ഥിക്കായി 7107/ രൂപയും ഒൻപത് ഒ. ഇ. സി. കുട്ടികൾക്ക് 59213/- രൂപയും വിതരണം നടത്തി.

9) **പ്രൈമറി എയ്ഡ്**

G. O (Rt) No. 1475/14/SC/St dated 29.8.14 പ്രകാരം I to IV വരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് യൂണിഫോം, സ്കൂൾ ബാഗ്, കുട, ചെരുപ്പ്, ടിഫിൻ ബോക്സ്, പേന, ബുക്ക് തുടങ്ങിയവ വാങ്ങുന്നതിനുള്ള ധനസഹായമായി 2000/- രൂപ വീതം വിതരണം ചെയ്തു വരുന്നു. 2014-15 വർഷം 555 വിദ്യാർത്ഥികൾക്കായി 1110000/- രൂപയും 2015-16 വർഷം 616 പേർക്ക് 1232000/- രൂപയും ധനസഹായമായി നല്കിയിട്ടുണ്ട്. മേൽ ധനസഹായ തുകയുടെ അകിറ്റൻസ് വാങ്ങി പരിശോധിച്ച് ആഫീസിൽ സൂക്ഷിച്ചിട്ടുണ്ട്.

10) **പ്രീ-മെട്രിക് ഹോസ്റ്റൽ അരുവിക്കര (ആൺകുട്ടികൾ)**

2014-15 വർഷം ഹോസ്റ്റലിൽ ആകെ 11 കുട്ടികൾ ഉണ്ടായിരുന്നു. അതിൽ ഒരാൾ എസ്. എസ്. എൽ. സി പരീക്ഷ എഴുതുകയും പസ്സാകുകയും ചെയ്തിരുന്നു. 2015-16 ൽ 10 പേർ മാത്രമാണ് ഹോസ്റ്റലിൽ പ്രവേശനം നേടിയിട്ടുള്ളത്. അതിൽ 3 പേർ എസ്. എസ്. എൽ. സി. പരീക്ഷ എഴുതുകയും മുഴുവൻ പേരും പസ്സാകുകയും ചെയ്തിട്ടുണ്ട്. ഹോസ്റ്റലിൽ അനുവദനീയമായ സീറ്റുകളിൽ മുഴുവൻ പേരെയും പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ വാർഡനും എസ്. സി. പ്രമോട്ടറന്മാർ വഴിയും സ്വീകരിക്കേണ്ടതാണ്.

11) **മെസ് റിക്കവറി**

G. O (Rt) No. 41/92 പ. ജ.പ.വ.വിവ 4.9.1992 അനുസരിച്ച് രണ്ട് പാചകക്കാരുള്ള പ്രീ- മെട്രിക് ഹോസ്റ്റലുകളിൽ, അവർ ഒന്നിടവിട്ട ദിവസങ്ങളിൽ മാത്രമാണ് ജോലിക്ക് ഹാജരാകുന്നത്. ആയതിനാൽ അവരിൽ നിന്നും 30% മെസ് റിക്കവറി നടത്തിയാൽ മതിയാകുന്നതാണ്. എന്നാൽ നിലവിൽ രണ്ട് കുക്കുമാർക്കും കൂടി 60 ഹാജർ കണക്കാക്കി ഹോസ്റ്റലിലെ അനുവദനീയമായ തുക മാറി വരുന്നു. ഇങ്ങനെ പ്രതിമാസം 2000/- രൂപാ നിരക്കിൽ അധികമായി കണക്കാക്കി വരുന്നതിന് തക്കതായ വിശദീകരണം ആവശ്യമാണ്.

12) **സ്വയം തൊഴിൽ ധനസഹായ പദ്ധതി**

2014-15 ൽ രണ്ട് പേർക്ക് സ്വയം തൊഴിൽ ധനസഹായ വിതരണം നടത്തിയിരുന്നു. ഒരാൾക്ക് കൂൺ കൃഷിയ്ക്ക് 50,000/- രൂപയും രണ്ടാമത്തെയാളിന് ആട്ടോ റിക്ഷാ വാങ്ങുന്നതിനായി 55667/- രൂപയും സബ്സീഡി നല്കിയിരുന്നു. 2015-16 രണ്ട് പേർക്ക് ആട്ടോ റിക്ഷാ വാങ്ങുന്നതിനായി 56300/- രൂപ യും 52000/- രൂപയും സബ്സീഡിയായി വിതരണം നടത്തി. വിനിയോഗ രേഖകൾ അക്കൗണ്ടന്റ് ജനറലിന് അയച്ച് കഴിഞ്ഞു.

12) <u>ദുർബല വിഭാഗക്കാരുടെ പുനരധിവാസം</u>

| വർഷം | ആകെ അനുവദിച്ച ധനസഹായം എണ്ണം | | | | | ആകെ വിതരണം ചെയ്ത തുക | | | | |
|---|---|---|---|---|---|---|---|---|---|---|
| | വീട് | ഭൂരഹിതർ | കിണർ | ടോയ്‌ലറ്റ് | അറ്റകുറ്റ പണി | വീട് | ഭൂരഹിതർ | കിണർ | ടോയ്‌ലറ്റ് | അറ്റകുറ്റപണി |
| 2014–15 | 1 | 1 | – | – | 1 | 350000/- | 375000/- | – | – | 50,000/- |
| 2015–16 | 1 | – | – | – | – | 350000/- | – | – | – | – |

വിനിയോഗ രേഖകൾ അയച്ച് കാണുന്നില്ല

14) <u>ചികിത്സാ ധനസഹായ പദ്ധതി</u>

2014–15 ൽ '31' പേർക്കായി 552000/- രൂപയും 2015–16–ൽ 42 പേർക്ക് 962000/- രൂപയും ധനസഹായമായി വിതരണം നടത്തി. ഇപ്പോൾ നെടുമങ്ങാട് സബ് ട്രഷറിയിൽ സ്പെഷ്യൽ T.S. B Account No. '32' ആയി ചെക്ക് വിതരണം നടത്തി വരുന്നു.

15) <u>ടോയ്‌ലറ്റ് ധനസഹായ പദ്ധതി</u>

| വർഷം | ആകെ വിതരണം ചെയ്ത ടോയ്‌ലറ്റുകളുടെ എണ്ണം | | ആകെ വിതരണം ചെയ്ത തുക | |
|---|---|---|---|---|
| 2014–15 | ഒന്നാംഗഡു | രണ്ടാം ഗഡു | ഒന്നാം | രണ്ടാം ഗഡു |
| | 70 | 64 | 875000/- | 800000/- |
| 2015–16 | 50 | 45 | 625000/- | 562500/ |

2014–15–ൽ ആറ് പേരും, 2015–16–ൽ 5 പേരും ഇനിയും പണി പൂർത്തികരിക്കുവാനുണ്ട്.

16) വീട് അറ്റകുറ്റപണി

| വർഷം | ആകെ വിതരണം ചെയ്ത അറ്റകുറ്റ പണി ധനസഹായം എണ്ണം | | ആകെ ചെലവഴിച്ച തുക | |
|---|---|---|---|---|
| 2014-15 | ഒന്നാംഗഡു | രണ്ടാം ഗഡു | ഒന്നാം | രണ്ടാം ഗഡു |
| | 36 | 36 | 900000/- | 900000/- |
| 2015-16 | 31 | 30 | 775000/- | 750000/- |

17. പ്രമോട്ടേഴ്സ് ഡയറി

സ. ഉ (അച്ചടി) 86/2010/പ.ജ.പ.വ. വി.വ 28/7/2010 അനുസരിച്ചുള്ള വർക്ക് ഡയറി പ്രമോട്ടേഴ്സിൽ നിന്നും വാങ്ങി പരിശോധിച്ചു സൂക്ഷിച്ച് വരുന്നില്ല. ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഹാജർ പട്ടികയും, പ്രമോട്ടറന്മാരിൽ നിന്ന് വർക്കു ഡയറിയും വാങ്ങി പരിശോധിച്ച് ശേഷം ഹോണറേറിയം തുക മാറ്റി നല്കാത്തതിന് വിശദദീകരണം നല്കേണ്ടതാണ്.

18. സ്വയം പര്യാപ്ത ഗ്രാമം: (G. O (MS) 23/13/SCST Dev. Det dated 15.3.12) മരുതൂർ-മാങ്കാംകോട് കോളനിയിൽ 2013-14 വർഷം ---- വികസന പ്രവർത്തനങ്ങൾ നടന്നിരുന്നു. രണ്ടാം ഗഡു തുക വിതരണം നടത്തിയിട്ടുണ്ട്. ഇതേവരേയും വികസന പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ല. വികസന പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

19. വിജ്ഞാൻവാടി

സ. ഉ (കൈ)നം. 07/2012/SC/ST Dev. Dept തീയതി 11.1.12. അനുസരിച്ച് അരുവിക്കര ഗ്രാമപഞ്ചായത്തു പരിധിയിലുള്ള വട്ടക്കുളം ഹരിജൻ കോളനിയിൽ, പഞ്ചായത്ത് വക സ്ഥലത്ത് കെട്ടിടം പണിത് ഉത്ഘാടനവും നടത്തിയിരുന്നു. എന്നാൽ ഇതേവരേയും പ്രവർത്തനം ആരംഭിച്ചിട്ടില്ല. കമ്പ്യൂട്ടറും, ഫർണീച്ചർ പുസ്തകങ്ങൾ എന്നിവ വാങ്ങി ഏകദേശം ഒരു വർഷം കഴിഞ്ഞിട്ടും വിജ്ഞാൻവാടി പ്രവർത്തനം ആരംഭിക്കാത്തത് സംബന്ധിച്ച് മറുപടി നല്കേണ്ടതാണ്.

20. വൃത്തിഹീന തൊഴിൽ ധനസഹായം

പരിശോധനാ കാലയളവിൽ ആഫീസിൽ മേൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

21. ചരുവക്കുഴി വേടർ കോളനി പുനരധിവാസം

2010–11 വർഷം പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ ഡി1/9005/09 (തീയതി 10.12.2009) നമ്പർ ഉത്തരവ് പ്രകാരം 9 വേടർ കുടുംബങ്ങളുടെ പുനരധിവാസത്തിനായി ആനാട് ഗ്രാമപഞ്ചായത്തിൽ വാങ്ങിയ ഭൂമിയിൽ ഇതേവരേയും വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം തുടങ്ങി 4 വർഷങ്ങൾ കഴിഞ്ഞിട്ടും പണികൾ പൂർത്തീകരിക്കാത്തത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് മറുപടി കത്തിനോടൊപ്പം നല്കേണ്ടതാണ്.

**പൊതു അഭിപ്രായം**

ആഫീസിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. ആഫീസ് ഇപ്പോൾ പ്രവർത്തിച്ച് വരുന്നത് തീരെ ചെറുതും ഇടുങ്ങിയതുമായ ഒറ്റമുറിയിലാണ് (handwritten correction: മുറി). ആഫീസർക്ക് മാത്രം ഇരിക്കാവുന്ന മുറിയിൽ, ക്ളാർക്ക്, അപ്രന്റീസ് ക്ളാർക്ക്, അഞ്ച് SCP പ്രമോട്ടർമാർ (handwritten correction: മാർ) എന്നിവർ ജോലി ചെയ്യുന്നതിന് പുറമെ ഗുണഭോക്താക്കളുകൂടി ആകെ തിരക്കാണ്. ആഫീസിനാവശ്യമായ സ്ഥലസൗകര്യം ലഭിക്കുന്നതിന് ബന്ധപ്പെട്ട വരുമായി ആലോചിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

~~റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.~~

(signature) 30/XI/16.

സീനിയർ ഫിനാൻസ് ഓഫീസർ

എ.എസ് 10.11.16